**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5510** | **18.11.2019-ൽ മറുപടിക്ക്**

## പുളിയനം സ്കൂളിൽ പഠനോപകരണങ്ങൾ മോഷണം പോയ കേസ്

**ചോദ്യം**

**ശ്രീ.റോജി എം. ജോൺ**

**മറുപടി**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) അങ്കമാലി മണ്ഡലത്തിലെ പുളിയനം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും പഠനോപകരണങ്ങൾ മോഷണം പോയ സംഭവത്തിൽ അങ്കമാലി പോലീസ് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദാംശം സഹിതം ലഭ്യമാക്കാമോ; | (എ) സംഭവവുമായി ബന്ധപ്പെട്ട് 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിവരം താഴെ കൊടുക്കുന്നു.<br>1. സ്കൂളിലെ ഓഫീസ് മുറിയിലെ മേശ ഒരു തോട്ടി ഉപയോഗിച്ച് ജനലിനടുത്തേക്ക് വലിച്ചടുപ്പിച്ച് മേശപ്പുറത്ത് വച്ചിരുന്ന HCL ലാപ് ടോപ്പ് (Rs. 35000/-), Mother Board, RAM(Rs. 12000/-) എന്നിവ മോഷണം നടത്തിയ സംഭവവുമായി ബന്ധപ്പെട്ട് ക്രൈം. 1121/19 U/s 457, 380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>2. സ്കൂളിലെ യു.പി വിഭാഗത്തിലെ ലാബിന്റെ പൂട്ട് പൊളിച്ച് അകത്തു കയറി Projector (Rs. 25000/-), Speaker (Rs.750/-), Net Modem (Rs. 1600/-) എന്നിവ മോഷണം ചെയ്തതുമായി ബന്ധപ്പെട്ട് ക്രൈം. 1618/19 U/s 457,380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>3. സ്കൂളിലെ കമ്പ്യൂട്ടർ ലാബിന്റെ പൂട്ട് കുത്തിത്തുറന്ന് അകത്തു കയറി ലാബിൽ സൂക്ഷിച്ചിരുന്ന LCD Monitor-1, CPU-2, RAM-2 എന്നിവ മോഷണം ചെയ്തെടുത്തും, കമ്പ്യൂട്ടർ ലാബിൽ ഉണ്ടായിരുന്ന അനുബന്ധ ഉപകരണങ്ങൾക്ക് 1,60,000/- |

രൂപയുടെ നാശനഷ്ടം വരുത്തുകയും ചെയ്ത കേസുമായി ബന്ധപ്പെട്ട് ക്രൈം. 1784/19 U/s 457, 380, 461 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളിലെ മോഷണവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ അങ്കമാലി പോലീസിൽ ലഭ്യമായിട്ടുണ്ടെന്നും ഇതിൽ എത്ര പരാതികളിൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത മോഷണവുമായി ബന്ധപ്പെട്ട് നാളിതുവരെ ലഭിച്ച മൂന്ന് പരാതികളിൽ മൂന്നു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ കണ്ടെത്തുന്നതിന് അന്വേഷണം നടന്നു വരുന്നു.

(സി) പ്രസ്തുത അന്വേഷണത്തിൽ പോലീസ് വരുത്തിയ വീഴ്ചയും കെടുകാര്യസ്ഥതയും ഉന്നത ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും കേസ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

(സി) പുളിയനം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ മോഷണം ഉൾപ്പെടെയുള്ള School Theft കേസുകൾ അന്വേഷണം നടത്തുന്നതിനായി DySP യുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പ്രവർത്തിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ